I/93322/2024

ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

നമ്പർ. **L1/4149/2024/DTE** തീയതി: **26-05-2024**

<u>പരിപത്രം</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - ടെക്നിക്കൽ ഹൈസ്കൂളുകളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യൽ ട്രേഡുകളെ വിദ്യാർത്ഥി പ്രവേശനത്തിൻറെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ ഓഫീസിൽ നിന്നുള്ള **DTE/4149/2024-L1(PLA)** നമ്പർ കത്ത്.
2. സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുമായി **23.05.2024** ൽ കൂടിയ യോഗ തീരുമാനം.

ഈ വകുപ്പിന് കീഴിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുമായി **23.05.2024** ൽ കൂടിയ യോഗത്തിൽ ടി സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യൽ ട്രേഡുകൾ **20** വിദ്യാർത്ഥികൾക്ക് ഒന്ന് എന്ന നിരക്കിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന നിർദ്ദേശം ഉണ്ടാകുകയും അതനുസരിച്ച് ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥി പ്രവേശനത്തിൻറെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളിലും നടത്തുവാൻ സാധിക്കുന്ന സ്പെഷ്യൽ ട്രേഡുകൾ ഏതൊക്കെയാണെന്ന വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ പക്കൽ നിന്നും ആരായുവാനും തീരുമാനിച്ചു.

ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ **2024-25** അക്കാദമിക വർഷത്തിൽ നടത്തുവാൻ കഴിയുന്ന സ്പെഷ്യൽ ഏതൊക്കെയാണെന്ന് ഒമ്പതാം ക്ലാസിൽ പ്രവേശനം നേടിയിട്ടുള്ള **20** വിദ്യാർത്ഥികൾക്ക് ഒരു സ്പെഷ്യൽ ട്രേഡ് എന്ന നിരക്കിൽ നിശ്ചയിച്ച് അടിയന്തിരമായി അറിയിക്കുവാൻ ബന്ധപ്പെട്ട എല്ലാ സ്ഥാപനമേധാവികളോടും നിർദ്ദേശിക്കുന്നു.

**2024-25** അക്കാദമിക വർഷം ആരംഭിക്കുന്നതിനുള്ള സമയം ആഗതമായിരിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിവരം അറിയിക്കുന്നതിന് അടിയന്തിര പ്രധാന്യം നല്കേണ്ടതാണ്.

**Seema K N**

**JCTE CTE**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Seema K N
Date: 26-05-2024 08:17:37